# പരിവർത്തനത്തിന്റെ പ്രതിനിധികളും അക്രമരഹിത പ്രവർത്തനവും

## Agents of Change and Nonviolent Action

**Hardy Merriman**

Conservation Biology, Volume 22, No. 2, April 2008
Translation: March 2018

# TRANSLATOR'S NOTES

## പരിവര്ത്തനത്തിന്റെ പ്രതിനിധികളും അക്രമരഹിത പ്രവര്ത്തനവും

**(Agents of Change and Nonviolent Action)**

സാധാരണ ജനങ്ങള് അവരുടെ അവകാശങ്ങള്, സ്വാതന്ത്ര്യം നീതി, എന്നിവ നേടിയെടുക്കാനുള്ള സമരത്തിന്റെ ഒരു പ്രവര്ത്തന രീതിയാണ് അക്രമ രഹിത പ്രവര്ത്തനം. നിരന്തരമായി ഇത് ബന്ധപ്പെട്ടിരിക്കുന്നത് ധാര്മ്മികവും നൈതികവുമായ അക്രമരാഹിത്യവുമായിട്ടാണ് എന്നാല് ഞാന് ഇതിനെ അഭിസംബോധന ചെയ്യുന്നത് ഒരു വ്യത്യസ്ഥ പ്രതിഭാസമായിട്ടാണ്, അതായത് ധാര്മ്മികവും നൈതികവുമായ ഉത്കണ്ഠ കുറച്ചു അതിനെ വിപുലപ്പെടുത്തി അത് എങ്ങനെ ഒരു പ്രയോഗക്ഷമമായ രീതിയില് ഒരു സംഘര്ഷത്തിന് ശക്തികൂട്ടാന് സാധിക്കും.

അക്രമരഹിത പ്രവര്ത്തനത്തിനാധാരം ഒരു സമൂഹത്തിന്റെ ശക്തി പരമമായി ജനങ്ങളുടെ അംഗീകാരത്തിലും അനുസരണയിലും അധിഷ്ഠിതമായി നില്ക്കുന്ന എന്ന വിശ്വാസത്തിലാണ്. ഇതിനെതിരായി നിലവില് നിലനില്ക്കുന്ന വീക്ഷണം, അധികാരം സ്വമേധയാ അടിസ്ഥാനമാക്കിയിരിക്കുന്നത് ആരൊക്കെയാണോ സമ്പത്ത് ശേഖരിച്ചിട്ടുള്ളത് ആര്ക്കാണോ അക്രമം നടത്താനുള്ള ശക്തി ആര്ജ്ജിച്ചിരിക്കുന്ന അവരിലാണ്. സാമ്പത്തിക വ്യവസ്ഥ ജീവമണ്ഡലത്തിന്റെ ഒരു ഉപവ്യവസ്ഥ ആയതിനാല്- ജീവമണ്ഡലത്തിലെ നിയമങ്ങള് സാമ്പത്തിക ശാസ്ത്രത്തിനും ബാധകമാണ്. അധികാരത്തിന്റെ വ്യവസ്ഥിതി അനുസരിച്ച് തോന്നുന്നത് അധികാരം അടിസ്ഥാനമാക്കിയിരിക്കുന്നതുപണത്തിലും അക്രമത്തിലുമാണെന്നാണ്. എന്നാല് യഥാര്ത്ഥത്തില് അധികാരം എന്ന ഉപവ്യവസ്ഥ ലക്ഷക്കണക്കിന് ആളുകളുടെ വിശാലമായ പെരുമാറ്റം അനുസരണരീതി എന്നിവയില് അടിസ്ഥാനമാക്കിയാണ്. അങ്ങനെയുള്ള ആളുകള് അവരുടെ വിശ്വസ്തത, പെരുമാറ്റം അനുസരണ എന്നിവ മാറ്റിയാല് ഒരു സമൂഹത്തിന്റേയും ലോകത്തിന്റേയും അധികാര സംതുലനാവസ്ഥയില് മാറ്റം വരും. വളരെ ലഘുവായി പറഞ്ഞാല് ആളുകള് അനുസരിക്കാന് വിമുഖത കാണിച്ചാല് ഭരണാധികാരികള്ക്ക് ഭരിക്കാന് സാധിക്കാതെ വരും.

അക്രമരഹിത പ്രവൃത്തനം ശക്തി കൈകാര്യം ചെയ്യുന്നത് ആളുകളുടെ വിശ്വസ്ത പെരുമാറ്റം, അനുസരണാശീലം, എന്നീ രീതികളുടെ സംയുക്തമായ രീതിയില് അവയില് കൂറുമാറ്റം നേടികൊണ്ടാണ് ഇപ്രകാരം വിശ്വസ്തതയുടെ കൂറുമാറ്റം ഉണ്ടായത് ഇന്ഡ്യന് സ്വാതന്ത്ര്യ സമരം, അമേരിക്കയിലെ സിവില് അവകാശ സമരം, 1960 ന്റെ മദ്ധ്യത്തില് യുണൈറ്റഡ് ഫാം വര്ക്കേഴ്സ് സമരം, ഫെര്ഡിനാന്റ് മാര്ക്കോസിന്റെ സ്നാന ത്യാഗം (1986) അഗസ്റ്റോ പിനോഷയ്ക്കെതിരെയുള്ള സമരം (1988) വര്ണ്ണ വിവേചനത്തിനെതിരെ തെക്കേ ആഫ്രിക്കയില് നടന്ന സമരം (1980 - 1990 കളില്) സ്ലോബോണ് വിലോസെവിക്നെതിരെ (2000) ഏകാധിപത്യ ഭരണവ്യവസ്ഥ യുക്രയിനില് (2004ല്) ഈ കൂറുമാറ്റം വളരെ ലഘുവായി കാണപ്പെടാം. അതായത് ആളുകള് ഒരു പ്രാദേശിക കടയില് സാധനം വാങ്ങാന് വിസ്സമ്മതിക്കുക. ഒരു വസ്തു ബഹിഷ്കരിക്കുക, സമാന്തര സ്ഥാപനങ്ങള്സ്ഥാപിച്ച് പ്രവര്ത്തിപ്പിക്കുക,

സമാന്തര സാമ്പത്തിക സ്ഥാപനങ്ങള് പടുത്ത് ഉയര്ത്തുക. വ്യത്യസ്തമായ അനേകം അക്രമ രഹിത സമരത്തിന്റെ പ്രകടനങ്ങള് ഉണ്ടെങ്കില് കൂടി എല്ലാ അക്രമരഹിത പ്രവര്ത്തനങ്ങളെ മൂന്നിനങ്ങളായി തിരിക്കാം

**കുറ്റം ചെയ്യല്** (commission) ആളുകള് ചെയ്യുന്ന പ്രവര്ത്തികള് അവര് ചെയ്യാന് ഉദ്ദേശിച്ചിട്ടില്ലാത്തത്, സങ്കല്പ്പിക്കാത്തത്, ചെയ്യാന് അനുവദിക്കാത്തത്.
**തിരസ്കാരം** (omission) ആളുകള് ചെയ്യണമെന്നു സങ്കല്പിക്കുകയും ചെയ്യേണ്ട ആവശ്യമുള്ളതും ചെയ്യാതിരിക്കുക.
**അല്ലെങ്കില് കുറ്റം ചെയ്യല് തിരസ്കാരം ഇതിന്റെ രണ്ടിന്റെയും കൂട്ടുചേര്ന്ന പ്രവൃത്തികള്.** ആളുകളുടെ പെരുമാറ്റരീതി, അനുസരണ ശീലം എന്നിവയിലുള്ള കൂറുമാറ്റം പ്രോത്സാഹിപ്പിക്കാന് വളരെ പ്രധാനമായും മനസ്സിലാക്കേണ്ടതാണ് ഒന്നാമതായി എന്തുകൊണ്ടു ആളുകള് അവര് അനുസരിക്കുന്നതും പെരുമാറുന്നതും ഓരോ രീതിയിലാണ്. ഇതിന്റെ കാരണങ്ങള് ഓരോ സമൂഹത്തിലും വ്യത്യാസപ്പെട്ടിരിക്കും. ലോകത്തെമ്പാടുമുള്ള വിപ്ലവകാരികളും സംഘടനാ പ്രവര്ത്തകരുമായി എന്റെ ജോലി സംബന്ധമായി കാണാന് സാധിച്ചതില് വളരെ സര്വ്വസാധാരണമായ കാരണങ്ങളില് പ്രധാനമായും രണ്ടാണ് അതില് ഒന്നാമത്തേത് ആളുകള്ക്ക് അനുഭവപ്പെടുന്നത് തെരഞ്ഞെടുക്കാന് മറ്റൊരുമാര്ഗ്ഗമില്ലെന്നുള്ള ബോധവും രണ്ടാമതായി അവര്ക്കു വിശ്വാസമില്ല അവരുടെ പ്രവര്ത്തനങ്ങള് വ്യത്യാസം വരുത്താന് സാധിക്കുമോയെന്ന് ധാരാളം ആളുകള്ക്ക് അറിയില്ല യഥാര്ത്ഥത്തില് അവരിലാണ് അധികാരം നിലനില്ക്കുന്നതെന്ന് എന്നാല് ഔപചാരിക വിദ്യാഭ്യാസം, കോര്പ്പറേഷനുകള്, സര്ക്കാരുകള് എല്ലാ മാധ്യമങ്ങളും ഈ വിശ്വാസത്തെയാണ് ശക്തിപ്പെടുത്തുന്നത്. ഈ ധാരണയാണ് അധികാരം കേന്ദ്രീകരിച്ചിരിക്കുന്ന ഒരു കൂട്ടം ആളുകളില്, അതായതു സര്ക്കാര് കെട്ടിടങ്ങള് കോര്പ്പറേറ്റു തലസ്ഥാനങ്ങള് അതുപോലെ പണവും തോക്കു (ഇവരണ്ടിലും അവര്ക്കു കുത്തക കാണും) കളുമാണ്. പരമപ്രധാനമായി ശക്തിയുടെ കേന്ദ്രം. വിജയത്തിലെത്തിച്ചേര്ന്ന എല്ലാ അക്രമരഹിതസമരങ്ങളും ചരിത്രത്തിലുടനീളം കാണാന് സാധിക്കുന്നവ ജനങ്ങളില് ഈ അറിവുണ്ടാക്കാന് അവരുടെ സംഘടിതമായ സമരങ്ങളുടെ ഫലമായിട്ടതുവായിച്ചിട്ടുള്ളതാണ് അതായത് ജനങ്ങള് ഒരു പൊതുവായ ദര്ശനത്തിനുചുറ്റും സംഘടിക്കപ്പെട്ടപ്പോള് അവര് തന്ത്രപരമായി പ്രവര്ത്തിക്കുകകൂടി ചെയ്താല് അവര് പട്ടാളത്തേക്കാളും പണത്തിന്റെ ശക്തിയേക്കാളും കൂടുതല് ശക്തിശാലിയാണ്. ഏതുസമകാലീന അടിസ്ഥാനസമരവും അതിന് ദ്യതഗതിസ്വായത്തമാക്കാന് ആഗ്രഹിക്കുന്നവര് ശ്രദ്ധിക്കേണ്ടത് ആളുകളെ ബോദ്ധ്യപ്പെടുത്തണം അവര് ശക്തിശാലിയാണ് വാക്പാടവചാതുര്യത്തിന്റെ കേന്ദ്രബിന്ദുവാണ്.

ഒരുപടികൂടി മുന്നോട്ടുപോയാല് വിജയത്തിലെത്തിച്ചേന്ന എല്ലാ സമരങ്ങളും മനസ്സിലാക്കിക്കുന്നത് അവര് ശക്തിശാലികള് മാത്രമല്ല നേരേമറിച്ച് വ്യക്തവും നേടാന് സാധിക്കുന്ന ലക്ഷ്യങ്ങളും തീര്ച്ചപ്പെടുത്തി അവരുടെ ശക്തിയെ തെളിവുസഹിതം പ്രകടിപ്പിക്കുകയും അവരുടെ വിജയത്തെ രേഖപ്പെടുത്തുകയും പരസ്യപ്പെടുത്തുകയും ചെയ്യുന്നു. അവരുടെ വിജയം പരിമിതമായിരിക്കാം പക്ഷേ അതിന്റെ പ്രഭാവം വളരെ വലുതാണ്.

ഉദാഹരണമായി അമേരിക്കന് ഐക്യനാടുകളില് നടന്ന സിവില് അവകാശസമരം അതിന്റെ ശക്തി കേന്ദ്രീകരിച്ചത് മോന്റ്ഗോമറിയിലെ ബസ്സുകളില് വര്ണ്ണവിവേചനത്തിനെതിരായി പ്രകടനങ്ങള് നയിച്ചും അലബാമായില് 1955-56ലും നാഷവില്ലി ലഞ്ചുകൗണ്ടറുകളില് 1960ല് ഇതേസമരമുറ ആവര്ത്തിച്ചുമാണ്. ഇന്ഡ്യന് സ്വാതന്ത്ര്യസമരം ആദ്യമായി കേന്ദ്രീകരിച്ചത് ബ്രിട്ടീഷുകാരില് നിന്നും അനുകൂലങ്ങള് ഉപ്പുനിയമം മറ്റു 1930-31ലെ നിയമങ്ങളില് നേടിക്കൊണ്ടാണ്. ഒരിക്കല് ഈ ചെറിയസമരങ്ങളുടെ നേട്ടം വളരെ ലഘുവാണ് അതിനെ നേടിയെടുക്കാനുള്ള വളരെ ഭീമമായ ലക്ഷ്യം, തെക്കേ അമേരിക്കയില് വര്ണ്ണ വിവേചനം അവസാനിപ്പിക്കുക ഇന്ഡ്യയ്ക്ക് സ്വാതന്ത്ര്യം സമ്പാദിക്കുക. പക്ഷേ അതിന്റെ യഥാര്ത്ഥ പ്രഭാവം യഥാര്ത്ഥത്തിലുള്ള വലിയ സമരത്തിനു രാസത്വരഗമായി പ്രവര്ത്തിക്കുക മാത്രമായിരുന്നു. ഈ വിജയങ്ങള് ആളുകളെ കാണിച്ചുകൊടുത്തു അവരുടെ സമരങ്ങള്ക്ക് അര്ത്ഥമുണ്ട്. അവര്ക്ക് ഒരു പരിവര്ത്തനമുണ്ടാക്കാന് സാധിക്കും അതിന്റെ ഫലമായി മുന്നില് കണ്ട ആ വലിയ സമരങ്ങള്ക്ക് വലിയ പിന്തുണ കിട്ടാനും അവരുടെ സമരത്തിനുള്ള പടയൊരുക്കം ദേശീയവും അന്തര്ദേശീയ സ്റ്റേജില് കേന്ദ്രബിന്ദുവാകാനും സാധിച്ചു.

അമേരിക്കയിലെ സിവില് അവകാശസമരവും ഇന്ഡ്യയിലെ സ്വാതന്ത്ര്യസമരവും അതിന്റെ ലക്ഷ്യത്തിലെത്തിച്ചേരാന് സാധിച്ചത് അവ ധാര്മ്മികമായ ഒരു ഉയര്ന്നസ്ഥാനം നേടിയതുകൊണ്ടുമാത്രമല്ല നേരേമറിച്ച് അതിന്റെ നേട്ടം കഠിനാദ്ധ്വാനം സൃഷ്ടിപരമായ പശ്ചാത്തലം ബുദ്ധിപരമായ രാഷ്ട്രീയ അപഗ്രഥനം ഇവയൊക്കെക്കൊണ്ടാണ്. ഇത് എല്ലാ വിജയത്തിലെത്തിച്ചേര്ന്ന് സമരങ്ങളെ സംബന്ധിച്ചിടത്തോളം സത്യമാണ്. എന്നാല് പല ആളുകളും ഈ സത്യത്തെ അവഗണിക്കുന്നു. അതിനുപകരം വിശ്വസിക്കുന്നത് അക്രമരഹിതസമരങ്ങളിലുള്ളത്. പൊതുജനങ്ങളുടെ പ്രതിഷേധം, അത്യാചാരങ്ങള്പുറത്തുകൊണ്ടുവരിക, ധാര്മ്മികമായ വിലക്കുകള് അതല്ല എങ്കില് വിജയം ആശ്രയിക്കുന്നത് അസാധാരണ വ്യക്തിവൈഭവങ്ങളെ ഒരു നേതാവ് അതുമല്ലെങ്കില് ഏതെങ്കിലും അദൃശ്യശക്തിയുടെ സാമീപ്യം അതില് ആവശ്യമല്ലെന്നു ധരിക്കുന്നത് അതിനാവശ്യമായി ആദര്ശപരമായി പ്രതിജ്ഞാബന്ധരായ നൈതിക അക്രമരാഹിത്യത്തിലും സമാധാനതത്വത്തിലു വിശ്വസിക്കുന്ന ജനവിഭാഗം. യഥാര്ത്ഥത്തില് എന്താണ് ഇങ്ങനെയുള്ള സമരത്തിനാവശ്യം. ആളുകളെ ഐക്യത്തിലുറപ്പിക്കുന്ന ഒരു ദര്ശനം തന്ത്രപരമായ ആസൂത്രണം, പൊതുജനങ്ങളുമായുള്ള ആശയവിനിമയം ആ പ്രത്യേകസാഹചര്യത്തിനനുസരണമായ യോജിച്ചസമരമാര്ഗ്ഗങ്ങളുടെ തിരച്ചറിയല്. എല്ലാ സമരങ്ങള്ക്കും എല്ലാസ്ഥലത്തിനും യോജിച്ച കാര്യനിര്വ്വഹണ മാര്ഗ്ഗം അക്രമരഹിതസമരം സ്ഥലങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇതേസമയം എല്ലാ സമരങ്ങളെയും ഭരിക്കുന്ന തത്വം അധികാരം അടിസ്ഥാനമാക്കിയിരിക്കുന്നത് ജനങ്ങളുടെ അംഗീകാരവും അനുസരണയും ഇത് എല്ലാ സമരങ്ങളിലും സ്ഥിരമായുള്ളതാണ്. പക്ഷേ അതിന്റെ ഉപയോഗം ആശ്രയിക്കുന്നത് ആ പ്രത്യേകസന്ദര്ഭത്തേയും ആ പ്രത്യേക സമൂഹത്തിലെ പ്രത്യേകതയെയും പ്രത്യേകിച്ചു ആശ്രയിക്കും, അതിനെ

ധൈര്യമുള്ള പൊതുജനപ്രവര്ത്തനം, വളരെ ചെറിയ കൂറുമാറ്റം അല്ലെങ്കില് അവ രണ്ടും (എല്ലാ സമരങ്ങളിലും പ്രയോഗിക്കാന് സാധിക്കുന്ന വിവിധതരത്തിലുള്ള തന്ത്രങ്ങള് ആളുകള്ക്ക് ഒരു സമരത്തിന്റെ വിവിധഘട്ടങ്ങളില് പ്രയോഗിക്കാനായി രൂപം കൊടുത്തവ) അത് ജനങ്ങള്ക്ക് ഒരുമാര്ഗ്ഗം അല്ലെങ്കില് രാഷ്ട്രീയമായി അതുപയോഗിക്കാനുള്ള ഒരു സ്ഥലം ഒരുക്കിയതും അത് അവരുടെ സമൂഹത്തില് പ്രയോഗിക്കാനും അതിന്റെ ശക്തി വര്ദ്ധിപ്പിക്കാനുള്ള ശത്രുവിനെ നേരിടാനുള്ള ഒരു ഔദാര്യമായാണ്.

എങ്ങനെ നമുക്ക് അക്രമരഹിതസമരം പ്രയോഗത്തില് കൊണ്ടുവരാം എങ്ങനെ അക്രമരഹിതസമരത്തിലൂടെ ലക്ഷ്യപ്രാപ്തിയിലെത്തിച്ചേരാം. ചരിത്രപരമായി നോക്കിയാല് എവിടെയൊക്കെ പ്രയോഗിച്ചിട്ടുണ്ട് എന്നിവയെ സംബന്ധിച്ച ഒരുപാട് ബുദ്ധിപരമായ പ്രവര്ത്തനം ഗവേഷണം ആശയവിനിമയം എന്നിവ ചെയ്തിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള അറിവും ആവശ്യകതയും ഇതിന്റെ ശക്തിയും അക്രമരഹിത സമരത്തിന്റെ സാധ്യതയും മനസ്സിലാക്കിയ ആളുകളുടെ ഇടയില് ഇതിന്റെ ആവശ്യകത വര്ദ്ധിച്ചുവരികയാണ്. നിങ്ങള്ക്ക് ഇതിനെ സംബന്ധിച്ചുകൂടുതല് കാര്യം വര്ത്തമാന പത്രങ്ങളില്നിന്നും രാഷ്ട്രീയപ്രവര്ത്തകരുടെ സംഭാഷണത്തില് നിന്നും കിട്ടാന് സാധിക്കുകയില്ല. എന്നാല് താഴെക്കിടയിലുള്ള സംഘാടകരോടും ലോകത്തെമ്പാടുമുള്ള സിവില് സമൂഹത്തിലെ ആളുകളോടും ചോദിച്ചാല് കൂടുതല് വിവരം കിട്ടും. അവര് മനസ്സിലാക്കുന്നത് അതായത് ഒരു സമൂഹത്തിലെ ആളുകളാണ് അവിടെ പരിവര്ത്തനം കൊണ്ടുവരാനുള്ള പ്രതിനിധികള് ഘടനാപരമായ പരിവര്ത്തനം താഴെക്കിടയില് നിന്നും മുകളിലേക്കാണ് ഉയര്ന്ന് വരേണ്ടത്. അവര് ഒരു നേതാവ് അവരെ നയിക്കാന് വേണ്ടി പ്രതീക്ഷിച്ചു നില്ക്കുകയല്ല കാരണം അവര് മനസ്സിലാക്കുന്നുണ്ട് മിക്കവാറും എല്ലാ സര്ക്കാരുകളും എല്ലാ കോര്പ്പറേറ്റ് നേതാക്കന്മാരും ആ നായകത്വം സ്വീകരിക്കുകയില്ല. എന്താണോ ശരി അവരുടെ ജനസമൂഹത്തിനു ഉറപ്പിച്ചുകൊടുക്കാത്തത് അതും അവര്ക്ക് അറിയില്ല എന്നു അവരെയെല്ലാം ഒന്നിച്ചു നിറുത്തും. അതുകൊണ്ടു ലോകത്തെമ്പാടുമുള്ള ജനസമൂഹം അക്രമരഹിതപ്രവര്ത്തനത്തെ നോക്കികാണുന്നത് (ഏതിനെയാണോ അവര് വിവിധ സംയോഗങ്ങളില് വോട്ടുചെയ്യുക, നിയമവ്യവസ്ഥ, മറ്റുപരമ്പരാഗത പരിവര്ത്തന മാര്ഗ്ഗങ്ങള്) ഒരു പ്രായോഗികമായാണ് അത് ആ ജനസമൂഹത്തിനു ശക്തികൊടുക്കുന്നത് മനുഷ്യാവകാശം, സ്വാതന്ത്ര്യം, നീതി, സുതാര്യത,സ്ത്രീകളുടെ തദ്ദേശീയരായ ആളുകളുടെ, ന്യൂനപക്ഷാവകാശങ്ങള്, പരിതസ്ഥിതിസംരക്ഷണം എന്നിവ നേടുന്നതിനുസഹായകരമാകും. ഒരു അക്രമരഹിതസമരത്തിന്റെ ലക്ഷ്യത്തെക്കുറിച്ചു കൂടുതല് പരിഗണിക്കാതെ ഈ സമരമാര്ഗ്ഗം പ്രയോഗിക്കേണ്ടത് അതിന്റെ വളരെ അവശ്യഘടകം. അധികാരത്തെക്കുറിച്ചുള്ള സങ്കല്പത്തിന് ഒരു പുതിയ ചട്ടക്കൂട് ജനങ്ങളുടെ മനസ്സില് സൃഷ്ടിക്കുക ഈ അറിവു പങ്കിട്ടെടുത്തുകൊണ്ട് ആളുകളെ അവരുടെ ശക്തിയെക്കുറിച്ചു ബോധവാന്മാരാക്കിത്തീര്ക്കുകയാണ് ഒരു ആത്യാവശ്യപ്രവര്ത്തനം അതു മുഖേന മനുഷ്യവര്ഗ്ഗത്തിന്റെ ഗതിയില് ഒരു പുതിയ മാര്ഗ്ഗം സൃഷ്ടിക്കാം.